# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.720 12.12.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

### ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം നടപ്പിലാക്കുവാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് സമർപ്പിച്ച പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിൽ ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുവാനായി കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന് എന്തെല്ലാം പദ്ധതികളാണ് സമർപ്പിച്ചതെന്നും ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കുമോ ; | (എ) | 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിൽ എൻ.ആർ.എച്ച്.എം. മുഖേന നടപ്പിലാക്കാനായി കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന് സമർപ്പിച്ച പദ്ധതികളും, എസ്റ്റിമേറ്റ് തുകയും, ഇതിൻ പ്രകാരം അംഗീകരിച്ച പദ്ധതികളും, അതിന് ഇതു വരെ ചെലവായ തുകയും അനുബന്ധം 1- ആയി ചേർക്കുന്നു. |
| (ബി) അതു പ്രകാരം ഏതെല്ലാം പദ്ധതികൾക്ക് എത്ര തുകയുടെ അംഗീകാരം ലഭിച്ചുവെന്നു വ്യക്തമാക്കുമോ ; | (ബി) | |
| (സി) അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ; | (സി) | 2009 ൽ തെരഞ്ഞെടുത്ത 7% ത്തോളം സ്കൂളുകളിൽ ആരംഭിച്ച സ്കൂൾ ഹെൽത്ത് പ്രോഗ്രാം 2011-12 കാലയളവിൽ 27% സ്കൂളുകളിൽ വ്യാപിപ്പിച്ചു. 2012-13 സാമ്പത്തിക വർഷം എല്ലാ ഗവൺമെന്റ് എയിഡഡ് സ്കൂളുകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം നവംബർ 14, 2012 ന് നടന്നു. തുടർന്ന് ജില്ലകളിലും ഉദ്ഘാടന പരിപാടി സംഘടിപ്പിച്ചു. നേരത്തെ പദ്ധതി നടന്നുവരുന്ന 27% സ്കൂളുകളിൽ ചിട്ടയായും ക്രമമായും നടക്കുന്ന പരിപാടിക്ക് പുറമേ ഈ വർഷം പുതുതായി പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിൽ പദ്ധതിയുടെ പ്രാരംഭ നടപടികൾ നടന്നുവരുന്നു. |

വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത പ്രകാരം നടപ്പിലാക്കി വരുന്നു. ചിലത് പൂർത്തിയാക്കുകയും മറ്റുള്ളവ നടത്തിപ്പിന്റെ അവസാന ഘട്ടത്തിലുമാണ്.

സമഗ്ര ആരോഗ്യ പദ്ധതി 14 ജില്ലകളിലും തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 12- ാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

കൺസ്ട്രക്ഷൻ സംബന്ധമായ പ്രവർത്തനങ്ങളുടെ പുരോഗതി അനുബന്ധം 3-ആയി ചേർക്കുന്നു.

2011-12 സാമ്പത്തിക വർഷം നവീകരിച്ച ഓപ്പറേഷൻ തീയേറ്ററുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും പ്രവർത്തനം ആരംഭിച്ച പോളീ ക്ലിനിക്കുകളിൽ ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു. വൃദ്ധ ജനങ്ങൾക്ക് വേണ്ടി പ്രത്യേക നിർമ്മിതമായ കട്ടിലുകൾ വാങ്ങി നൽകി.

2012-13 ൽ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ 18 ലാപ്രോസ്കോപ്പ് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ഇങ്ങനെ അംഗീകാരം ലഭിച്ച പദ്ധതികളിൽ ഗ്രാമീണ ആരോഗ്യ കേന്ദ്രങ്ങളുടെ പശ്ചാത്തല വികസനത്തിനായുള്ള പദ്ധതികൾ ഉണ്ടോയെന്നും എങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കണ്ണൂർ ജില്ലയിലെ ഗ്രാമീണാരോഗ്യ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഓരോ സ്ഥാപനത്തിനും നീക്കിവച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ?

(ഡി) കണ്ണൂർ ജില്ലയിലെ ഗ്രാമീണാരോഗ്യ സ്ഥാപനങ്ങളിലെ അംഗീകാരം ലഭിച്ച വർക്കുകളും നീക്കിവച്ച തുകയും അനുബന്ധം 2-ആയി ചേർക്കുന്നു.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ